**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2170** **13-09-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ സർവീസ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ചീഫ് സെക്രട്ടറിതല സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (എ) | ജീവനക്കാർ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം തേടി കോടതികളിലും മറ്റും പോകുന്നത് പരമാവധി ഒഴിവാക്കുന്നതിനായി, ജീവനക്കാർ തങ്ങളുടെ പരാതി ഡിജിറ്റലായി ഇലക്ട്രോണിക് പോർട്ടൽ മുഖേന സർക്കാരിന് സമർപ്പിക്കു ന്നതിനുള്ള സൗകര്യമൊരുക്കുന്ന വിധത്തിൽ ഒരു എംപ്ലോയീസ് ഗ്രീവൻസ് പോർട്ടൽ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>ഓൺലൈൻ പോർട്ടൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഏകോപനം ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാവകുപ്പുമായി കൂടിയാലോചിച്ച് ഉദ്യോഗസ്ഥ-ഭരണ പരിഷ്കാരവകുപ്പ് നടത്തിവരുന്നു. |
| (ബി) | ചില സർക്കാർ ഓഫീസുകളിൽ ജീവനക്കാർക്ക് അർഹതപ്പെട്ട പല ആനുകൂല്യങ്ങളും അന്യായമായി നിഷേധിക്കുന്നത് മൂലം സർക്കാരിനെതിരെ നിരവധി കേസുകൾ വരുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ജീവനക്കാർ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം തേടി കോടതികളിലും മറ്റും പോകുന്നത് പരമാവധി ഒഴിവാക്കുന്നതിനായി, ജീവനക്കാർ തങ്ങളുടെ പരാതി ഡിജിറ്റലായി ഇലക്ട്രോണിക് പോർട്ടൽ മുഖേന സർക്കാരിന് സമർപ്പിക്കു ന്നതിനുള്ള സൗകര്യമൊരുക്കുന്ന വിധത്തിൽ ഒരു എംപ്ലോയീസ് ഗ്രീവൻസ് പോർട്ടൽ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>ഓൺലൈൻ പോർട്ടൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഏകോപനം ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാവകുപ്പുമായി കൂടിയാലോചിച്ച് ഉദ്യോഗസ്ഥ-ഭരണ പരിഷ്കാരവകുപ്പ് നടത്തിവരുന്നു. |
| (സി) | ഇത്തരം കേസുകളിൽ സർക്കാർ അന്തിമ ഉത്തരവുകളും സ്പഷ്ടീകരണ ഉത്തരവുകളും നൽകിയാലും അവ പാലിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരം വിഷയങ്ങളിൽ സർക്കാർ ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ